ശ്രീ. ടി. കെ. നാരായണപിള്ള: ശമ്പളത്തോതു് അതിന്റെ ഡെഫനിഷൻ അനുസരിച്ചിരിക്കും.

PLACES OF PUBLIC WORSHIP

*232. [12] **Sri. K. A. Mathew:** Will the Hon'ble the Chief Minister be pleased to state whether the Government are aware that there are no regulations and rules restricting the freedom of the pecple regarding the creation and use of places of public worship and cemeteries in other States in the Republic of India as they exist in this State?

Chief Minister **(Sri. T. K. Narayana Pillai):** The Government are not aware of this.

ശ്രീ. കെ. എ. മാത്യു: സെൻട്രൽ ഗവണ്മെൻറിൽ ഇല്ലാത്ത റൂൾസു്, ഓർഡർ റഗുലേഷൻസു് ഇവിടെ സ്വീകരിക്കുന്നതു് എന്തിനാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: കേന്ദ്രഗവണ്മെൻറ് ഈ റൂൾസു് ഓർഡർ റഗുലേഷൻസു് അംഗീകരിച്ചിട്ടുണ്ടോ എന്നു് ഈ ഗവണ്മെൻറിനറിവില്ല. ബഹുമാനപ്പെട്ട മെമ്പർ അങ്ങിനെ ഉണ്ടെന്നു് അറിവുതരുന്നപക്ഷം അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. വി. കെ. വേലായുധൻ: ഈ റൂൾസു് റിവൈസു് ചെയ്തിട്ടുണ്ടോ?

ശ്രീ ടി. കെ. നാരായണപിള്ള: ഒരു തവണ റിവൈസു ചെയ്തുകയുണ്ടായി. മുമ്പുണ്ടായിരുന്ന റൂളിൽ സാരമായ ഭേദഗതികളും വരുത്തിയിട്ടുണ്ടു്.

Sri. Eapen Arakkal: May I know, whether there are any peculiar circumstances obtaining in this State to introduce such restrictions?

Sri. T. K. Narayana Pillai: That depends on circumstances.

Sri. Eapen Arakkal: May I know, have Government received any representation from the people or on the floor of this House to the effect that the rigour of these restrictions should be relaxed?

Sri. T. K. Narayana Pillai: Not on the floor of the House but from outside.

PAMPA RIVER FACTORY

*233. [13] **Sri. K. A. Mathew:** Will the Hon'ble Minister for Industries be pleased to state:—

(*a*) whether electricity is supplied to Pampa River Factory, Thiruvella at concession rate;

(*b*) if the answer to (*a*) is in the affirmative what the rate is; and

(*c*) whether that factory is using electric power for purposes other than factory running?

Minister for Industries, Excise and Local Self Government **(Sri. N. Kunjuraman:**

(*a*) No.

(*b*) This question does not arise in view of answer to (*a*).

(*c*) Yes, for lighting, domestic pumping and small heaters also.

Q. (14) was not put, the member being absent

അഞ്ചരലക്ഷക്കേസ്സിനു ചെലവു്

*൨൩൪. (൧൪) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ?

(എ) അഞ്ചരലക്ഷക്കേസ്സു നടത്തിയതിനു് എത്ര ഉദ്യോഗസ്ഥൻമാരുടെ ഓകെ ചെലവായി?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സംഖ്യ കേസ്സിനിടയാക്കിയ വ്യക്തികളിൽനിന്നും വസൂലാക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉദ്ദേശം രൂ 0,000 രൂപാ.

(ബി) കേസ്സിനിടയാക്കിയ കക്ഷികളിൽനിന്നു ഈടാക്കുന്നതിനു വ്യവസ്ഥയില്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: കേസിനിടയാക്കിയ ആളിൽ നിന്നല്ലേ അതു് ഈടാക്കേണ്ടതു്.

ശ്രീ. ടി. കെ. നാരായണപിള്ള: ആരിൽ നിന്നാണ ഈടാക്കേണ്ടതെന്നുള്ളതിനു പ്രത്യേക വ്യവസ്ഥയില്ല.

കയർ സഹകരണസംഘത്തിനു സഹായധനം

*൨൩൪. (൧൭) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഏതെങ്കിലും കയർ പരസ്പരസഹായസംഘങ്ങൾക്കു കൊച്ചി ഗവൺമെന്റു ധനസഹായം ചെയ്യാമെന്നു സമ്മതിച്ചിട്ടുണ്ടോ?

(ബി) അതനുസരിച്ചു് വേണ്ട സഹായധനം ചെയ്യുവാൻ ഈ ഗവൺമെന്റു എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

വ്യവസായവും എക്സൈസും സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ടായിരുന്നു.

(ബി) കയർ വ്യവസായ പരസ്പരസഹായ സംഘങ്ങളെ പുതിയതായി സംഘടിപ്പിക്കുന്ന പദ്ധതിയിൽ ഈ സംഘത്തിന്റെ കാര്യവും പരിഗണിക്കുന്നതാണു.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇപ്പോൾ ധനസഹായം ചെയ്യുവരുന്ന സംഘങ്ങളുടെ എണ്ണം എത്രയാണു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: രണ്ടോ മൂന്നോ ആണു്.

DELIMITATION COMMITTEE

*236. [17] **Sri. A. K. George:** Will the Hon'ble the Chief Minister be pleased to state:—

(*a*) has the Government come to know of the report published recently in the press about the recommendations of the Delimitation Committee;

(*b*) if so, are these reports officially released to the press by the Government; and

(*c*) is the Government going to submit the report of the Delimination Committee before the House during this session?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) No.

(*c*) The Delimitation proposals of the Government were placed before the House and the matter has already been discussed on the floor of the House.

LIBRARY ARCHIVES Kerala Legislative Assembly